**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2390** **21-01-2021 - ൽ മറുപടിയ്ക്ക്**

**വഞ്ചിയൂർ സബ് ട്രഷറി തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ,<br>ശ്രീ. എം . വിൻസെൻറ് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | വഞ്ചിയൂർ സബ് ട്രഷറി അക്കൗണ്ടന്റ് നടത്തിയ 2.5 കോടി രൂപയുടെ തട്ടിപ്പിനെക്കുറിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; ബിജുലാൽ എപ്രകാരമാണ് പ്രസ്തുത തട്ടിപ്പ് നടത്തിയതെന്ന് ട്രഷറി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ 61,23,328/- രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളത്. തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കുറ്റക്കാരനായി കണ്ടെത്തിയ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം. ആർ. ബിജുലാലിനെ സർവ്വീസിൽ നിന്നും ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിന്മേൽ സർക്കാർ 04/08/2020-ലെ ജി.ഒ(ആർ.ടി) നം.4479/2020/ധന നമ്പർ ഉത്തരവ് പ്രകാരം ഒരു വിദഗ്ധ അന്വേഷണ സമിതിയെ നിയോഗിക്കുകയും, പ്രസ്തുത സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ട്രഷറി സോഫ്റ്റ് വെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നൽകുകയും അതുപ്രകാരം അനിവാര്യമായ ക്രമീകരണങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ട്രഷറി വകുപ്പ് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ ഇനിമേൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള കാര്യക്ഷമമായ ക്രമീകരണങ്ങൾ നടപ്പിൽ വരുത്തുന്നതിലേയ്ക്കും ടി വിഷയവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും വിശദമായി പരിശോധിക്കുന്നതിലേയ്ക്കുമായി സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം ട്രഷറി ജോയിന്റ് ഡയറക്ടർ/വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ത്വരിതഗതിയിൽ നടന്നുവരികയാണ്. കൂടാതെ ഈ വിഷയത്തിൻമേൽ വഞ്ചിയൂർ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് |

| | | | |
|---|---|---|---|
| | | | അന്വേഷണം നടത്തിവരികയുമാണ്. ശ്രീ. എം.ആർ.ബിജുലാൽ ടിയാന്റെ തന്നെ യൂസർ ഐ.ഡി യും പാസ് വേർഡും ഉപയോഗിച്ച് അനധികൃതമായി ഒരു ഇടപാട് സ്ക്രൂട്ടിണി ചെയ്തതിനുശേഷം, 31/05/2020-ൽ വിരമിച്ച സബ് ട്രഷറി ഓഫീസറുടെ പാസ് വേർഡ് ടി ഓഫീസറിൽ നിന്ന് അനധികൃതമായി കൈക്കലാക്കി ആയത് ദുരുപയോഗം ചെയ്ത് ശ്രീ. എം.ആർ.ബിജുലാൽ തന്നെ പ്രസ്തുത ഇടപാട് പാസ്സാക്കി പണം അപഹരിക്കുകയായിരുന്നു. |
| (ബി) | പ്രസ്തുത തട്ടിപ്പിൽ വിരമിച്ച ഉദ്യോഗസ്ഥന്റെ യൂസർ നെയിം, പാസ് വേർഡ് എന്നിവ മാറ്റാൻ ഉത്തരവാദപ്പെട്ട ട്രഷറിയിലെ മേലുദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കുമോ; | (ബി) | നടത്തിയിരുന്നു. വിരമിച്ച ഉദ്യോഗസ്ഥന്റെ പാസ് വേർഡ് നിർജ്ജീവമാക്കാത്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ആവശ്യപ്പെടുകയും നടപടി സ്വീകരിക്കുകയുമുണ്ടായി. ഉത്തരവാദിത്തപ്പെട്ട ട്രഷറി ഉദ്യോഗസ്ഥരെ സെൻഷ്വർ ചെയ്ത് അച്ചടക്കനടപടി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ പണം നഷ്ടമായതിനാലും സമാനതട്ടിപ്പ് മറ്റെവിടെയെങ്കിലും ഉണ്ടായോ എന്ന് പരിശോധിക്കേണ്ടതിനാലും വിജിലൻസ് അന്വേഷണം വേണമെന്ന് സംസ്ഥാന പോലീസ് മേധാവി ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത ശുിപാർശ നിരസിച്ചത് എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (സി) | വിജിലൻസ് അന്വേഷണം വേണമെന്ന് പോലീസ് മേധാവി ട്രഷറി വകുപ്പിനോ ധനവകുപ്പിനോ ശിപാർശ നൽകിയിട്ടില്ല. |
| (ഡി) | നഷ്ടപ്പെട്ട പണം ഈടാക്കുന്നതിനായി ബിജുലാലിന്റെ സ്വത്ത് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | സർക്കാരിന് നഷ്ടപ്പെട്ട തുക പ്രതിയായ ശ്രീ.എം.ആർ. ബിജുലാലിൽ നിന്ന് ഈടാക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (ഇ) | 90 ദിവസത്തിനകം കുറ്റപത്രം സമർപ്പിക്കാത്തതിനാൽ പ്രതി ജാമ്യം നേടി പുറത്ത് വന്നതിലുണ്ടായ വീഴ്ചയെപ്പറ്റി പരിശോധിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | വഞ്ചിയൂർ ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടിലൂടെ സർക്കാരിന് നഷ്ടമായ തുക എത്രയെന്ന് കൃത്യമായി മനസ്സിലാക്കുവാൻ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടി വന്നതിനാലും പ്രതിയുടെ ബാങ്ക്, ട്രഷറി ഇടപാടുകൾ എന്നിവ സംബന്ധിച്ച് നിരവധി സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തേണ്ടി വന്നതിനാലും ടിയാൻ സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച കമ്പ്യൂട്ടർ ഹാർഡ് സിസ്റ്റം, മൊബൈൽ ഫോണുകൾ, ട്രഷറി ഡയറക്ടറേറ്റിലെ ഡാറ്റാ ബേസിൽ നിന്നും പെൻഡ്രൈവിൽ പകർത്തിയ ഡേറ്റാ, പ്രതിയുടെ ഹാൻഡ് റൈറ്റിംഗ്, സ്പെസിമെൻ സിഗ്നേച്ചർ, സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച ചെക്കുകൾ എന്നിവ എഫ്.എസ്.എൽ. പരിശോധനക്ക് അയച്ചിട്ടുള്ളതിന്റെ |

| | | | |
|---|---|---|---|
| | | | പരിശോധനാഫലം ലഭിക്കാൻ കാലതാമസം ഉണ്ടായതിനാലും തൊണ്ണൂറ് ദിവസത്തിനകം പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാൻ പോലീസിന് സാധിച്ചില്ല. തുടർന്ന് പ്രതിക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി. |

സെക്ഷൻ ഓഫീസർ